# ഇ-ദളം

*Little kites unit - St.Mary's H.S.S Teekoy*

# എഡിറ്റോറിയൽ



ശാസ്ത്രത്തിൻറെ ഇക്കാലഘട്ടത്തിലെ വളർച്ചയ്ക്ക് അതിവേഗം ബഹുദൂരം എന്ന വിശേഷണം ചേർത്തുവയ്ക്കാൻ സാധിക്കും. അത്ഭുതകരമായ രീതിയിൽ കാലം മുന്നോട്ടുപോകുമ്പോൾ ഐടി മേഖല വലിയൊരു ജോലി സാധ്യത പ്രധാന ചെയ്യുന്ന ഇടമായി മാറിയിരിക്കുന്നു. കമ്പ്യൂട്ടർ ഏറെ കൗതുകത്തോടെയും താല്പര്യത്തോടെയും നോക്കിക്കാണുന്ന ഒരു സാങ്കേതിക ഇടമാണ് . ഐടി മേഖലയിൽ കുട്ടികളുടെ അഭിരുചി വളർത്തിയെടുക്കാൻ വിവിധങ്ങളായ പദ്ധതികൾ വിദ്യാലയങ്ങളിൽ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. സ്കൂളിലെ ഐടി വിദഗ്ധരായ അധ്യാപകരുടെ മേൽനോട്ടത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇതിന് നേതൃത്വം നൽകുന്നു. ഇ- വായനയുടെ ഈ കാലഘട്ടത്തിൽ വിവിധങ്ങളായ ചിത്രങ്ങൾ, കവിതകൾ ,കഥകൾ, ലേഖനങ്ങൾ അങ്ങനെ മനോഹരമായ ഒരു ഡിജിറ്റൽ മാഗസിൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഇന്ന് ഇവിടെ തയ്യാറാക്കിയിരിക്കുന്നു . മാഗസിൻ നിർമ്മാണത്തിൽ പങ്കുചേർന്നവർക്കും വായനക്കാർക്കും ഇത് ഒരു പുത്തൻ അനുഭവം പ്രദാനം ചെയ്യും.

# ടീം ഇ-ദളം




Little kites 2022-25 Batch
St.Mary's H.S.S Teekoy

# താളുകളിലൂടെ...


എന്റെ വിദ്യാലയം ----------------------------------------5

*Little kites. little talks.*----------------------------------------7

*Importance of reading*----------------------------------------8

നിഴലുകൾ ----------------------------------------10

സമയം എന്ന സമ്പത്ത്----------------------------------------11

*Greenhouse effect*----------------------------------------12

*Friendship*----------------------------------------14

നല്ല നേതാക്കളെ ആവശ്യമുണ്ട് ----------------------------------------15

മഹത് വചനങ്ങൾ----------------------------------------16

കൂട് ----------------------------------------17

ജിറാഫിന്റെ നൃത്തം----------------------------------------19

അമ്മ----------------------------------------20

കോവിഡ് 19 ----------------------------------------22

മഴനൂൽ കിനാവുകൾ----------------------------------------24

ജീവചരിത്രക്കുറിപ്പ് അബ്ദുൽ കലാം----------------------------------------25

*The Shepherd boy and wolf*----------------------------------------27

*Edusat*----------------------------------------28

മഴ ----------------------------------------31

ഇന്റർനെറ്റ് ഗുണവും ദോഷവും----------------------------------------32

ഇന്നലകൾ----------------------------------------34

നിർമ്മിത ബുദ്ധി---------------------------------------- 35

വിദ്യാഭ്യാസത്തിന്റെ മഹത്വം----------------------------------------36

ഏപ്രിൽ മഴ----------------------------------------37

ജീവിതവിജയം----------------------------------------40

മനുഷ്യ മസ്തിഷ്കം പോലൊരു ചിപ്പ് ----------------------------------------41

*Nature* ----------------------------------------43

വിലയേറിയ വിശപ്പ്----------------------------------------44

# എന്റെ വിദ്യാലയം

തീക്കോയി ഗ്രാമത്തിന് അക്ഷരവിശുദ്ധിയുടെ ഉജ്ജ്വല ശോഭ പ്രദാനം ചെയ്യുന്ന സരസ്വതി ക്ഷേത്രമാണ് സെൻമേരിസ് ഹയർസെക്കൻഡറി സ്കൂൾ. തീക്കോയി ഇടവകയിലെ പൂർവ്വകാല വൈദിക ശ്രേഷ്ഠരുടെയും ജനങ്ങളുടെയും ദീർഘവീക്ഷണവും കർമ്മ കുശലതയുമാണ് ഈ വിദ്യാലയത്തിന് വളർച്ചയ്ക്ക് ഊടും പാവും നെയ്തത്. ബഹുമാനപ്പെട്ട പുറക്കരി അച്ചന്റെ കാലത്ത് 1926 ദൈവാലയത്തോട് അനുബന്ധിച്ച് ഒരു പ്രൈമറി സ്കൂൾ എന്ന നിലയിലാണ് വിദ്യാലയം പ്രവർത്തനം ആരംഭിച്ചത് ബഹുമാനപ്പെട്ട മാതൃമണ്ണൂറാം പറമ്പിൽ അച്ചന്റെയും ബഹുമാനപ്പെട്ട ജോസഫ് തണ്ണിപ്പാറയിൽ അച്ചന്റെയും ഒക്കെ ശ്രമഫലമായി 1949 ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1952 ഇതൊരു ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു വിജ്ഞാനവും വിവേകവും വിദ്യാർത്ഥികൾ ശ്രദ്ധമൂലം ആക്കുന്നതിനുള്ള ആശ്രാന്ത പരിശ്രമങ്ങളിലൂടെ വളർച്ചയുടെ പടവുകൾ പിന്നിട്ട ഈ വിദ്യാലയത്തിൽ 1998 ഹയർസെക്കൻഡറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആയിരങ്ങൾക്ക് അറിവിന്റെ നിറവും നേരിന്റെ നന്മയും നിർലോഭം നൽകുന്ന നമ്മുടെ വിദ്യാലയം തീക്കോയി ഗ്രാമത്തിന്റെ തിലക കുറിയായി നിലകൊള്ളുന്നതിൽ നമുക്ക് അഭിമാനിക്കാം....





# ലിറ്റിൽ കൈറ്റ്സ്...



പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്ക്കൂൾ പദ്ധതിയുടെ ഫലമായി സ്ക്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകളും ഐസിടി അധിഷ്ഠിത പഠനവും യാഥാർത്ഥ്യമായിരിക്കുകയാണ്. ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്ക്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്ക്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്ക്കൂളിലും ഹൈടെക് സ്ക്കൂൾ പദ്ധതി



നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്ക്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം



വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്ക്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്ക്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ചു കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്ക്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു

# Little Kites..... Little Talks..




ലിറ്റിൽ kites ന്റെ ആഭിമുഖ്യത്തിൽ എല്ലാ ബുധൻ, വ്യാഴം ദിവസങ്ങളിൽ ക്ലാസുകൾ നടക്കുന്നു.

സ്കൂൾ തല ക്യാമ്പ്, സബ്ജില്ല , ജില്ലാ ക്യാമ്പ് നടത്തുന്നു

സ്കൂളിൽ Little teachers പദ്ധതി നടപ്പിലാക്കുന്നു.

കുട്ടികൾ കുട്ടികളെ തന്നെ പഠിപ്പിക്കുന്ന രീതിയിൽ ആണ് ക്ലാസുകൾ.



പ്രൈമറി കുട്ടികൾക്കായി ക്ലാസ്സ് എടുക്കുന്നു.

അധ്യാപകർ ഉൾപ്പെടെ ഉള്ളവർ Little kites കുട്ടികൾ തയ്യാറാക്കുന്ന ഗെയിം കളിക്കുവാൻ ആവേശത്തിലാണ്.



ലഹരി വിരുദ്ധ റാലികൾ, വീഡിയോ നിർമാണം എന്നിവയിലും കുട്ടികൾ പങ്കെടുക്കുന്നു.





# [illegible]

Reading is an indispensable tool for personal growth, intellectual stimulation, and emotional enrichment. Its significance transcends mere leisure, extending into realms of knowledge acquisition, critical thinking, and empathy cultivation.

At its core, reading serves as a gateway to knowledge. Through books, articles, and various forms of written material, individuals gain access to a vast reservoir of information and ideas. Whether exploring the depths of history, delving into scientific discoveries, or immersing oneself in fictional worlds, each page turned is an opportunity for learning and enlightenment.

Moreover, reading nurtures critical thinking skills. Engaging with diverse texts encourages readers to question, analyze, and evaluate information, fostering a discerning mindset essential for navigating an increasingly complex world. By challenging assumptions and expanding perspectives, reading cultivates intellectual curiosity and encourages a lifelong pursuit of understanding.Reading is a wonderful activity for children that offers numerous benefits.

The act of reading also facilitates vocabulary expansion and language proficiency. Exposure to diverse linguistic styles and expressions enhances communication skills, empowering individuals to articulate thoughts with clarity and precision. Furthermore, a rich vocabulary not only enriches written and spoken communication but also enhances cognitive abilities and academic performance.



Beyond its cognitive benefits, reading offers solace and respite from the stresses of daily life. Immersion in a compelling narrative or the exploration of profound ideas can transport readers to realms of imagination and introspection, providing much-needed escapism and relaxation. In a world filled with constant noise and distraction, the simple act of reading offers a sanctuary for reflection and rejuvenation.

Additionally, reading fosters empathy and understanding. Through literature, readers gain insights into the lives and experiences of others, fostering compassion and broadening perspectives. Whether through fictional narratives that explore diverse characters and cultures or non-fiction works that shed light on social issues, reading nurtures empathy and promotes a deeper understanding of the human condition.



In conclusion, reading is not merely a pastime but a fundamental aspect of human existence. Its benefits extend far beyond the confines of

entertainment, encompassing knowledge acquisition, critical thinking, emotional well-being, and social awareness. As we navigate the complexities of the modern world, let us not overlook the transformative power of a good book and the profound impact that reading can have on our lives.



Reading is a wonderful activity for children that offers numerous benefits. It helps develop language and cognitive skills, fosters imagination and creativity, and strengthens emotional bonds when shared with adults. Encouraging a love for reading at a young age can set a foundation for a lifetime of learning and enjoyment.



Reading plays a crucial role in a student's academic success and overall development. It enhances vocabulary, comprehension, critical thinking, and communication skills. Additionally, it exposes students to diverse perspectives, cultures, and ideas, fostering empathy and understanding. Encouraging regular reading habits among students can significantly contribute to their educational attainment and personal growth.





***Amala Antony 9 C***



# നിഴലുകൾ

നിഴലുകളാടും വഴികളിലാകെ
ലഹരിക്കൂണുകൾ പൊങ്ങുമ്പോൾ
അരികെച്ചേർത്തിട്ടമ്മ പറഞ്ഞു
വഞ്ചകരേക്കണ്ടറിയുക നീ
ചേലിൽ ചാരത്തെത്തും സ്നേഹിത
രായി ചെമ്മേ കഥ പറയും
പാതിയുറങ്ങാം ദുഃഖമകറ്റാം
സ്വപ്നച്ചാലിൽ മണ്ടിനടക്കാം
കേൾക്കരുതുണ്ണീയക്കഥ നീയതി -
ലാണ്ടിട്ടങ്ങനെയില്ലാതാകും
മായിക മാനസ നീല നഭസ്സൊരു
മായാമതിലെന്നറിയുകവേണം
ആ മിടായികളീ മിടായിക-
ളകലെ നിന്ന് വിളിക്കുമ്പോൾ
കൈനീട്ടീയത് കടലിൽ കളയുക
നന്മച്ചിപ്പിയെയൊന്നായ് പുണരുക
ജീവൻ ദാനം ദേഹം ദാനം
ദേഹിയുമതുപോലുന്നത ദാനം
കുടുംബമാവണമാദ്യന്തം നീ
നുണഞ്ഞു നോക്കും തേൻതുണ്ട്
കുടുംബവാണമീയുലകത്തിൽ
നിന്നുടെ ജീവിത തായ്ത്തണ്ട്
മദ്യം വർണ്ണ പ്രഭയാൽ തീർക്കും
പൊൻവല കണ്ടു മയങ്ങരുതേ
സ്നേഹത്തിൽ വലയാലേ കെട്ടി
മുറുക്കിച്ചുറ്റും മതിൽ പണിയാം
പോകേണ്ടവിടം പോലും മറന്നു
ഭീകര താണ്ഡവമാടും മദ്യം
ചുവന്ന പൂക്കൾ വിതറും  സ്പീഡിൽ
കൗമാരത്തിൻ മനസുകളിൽ
ശൈശവ സൂര്യൻ മായും മുൻപേ
ആ തീക്കട്ടയെ മുത്തരുതേ
അഴകിൽ ജീവിത നൗക തുഴഞ്ഞി -
ട്ടഴലിൽ വീഴാതക്കരെ കയറാം
*****

Efron Mathew Amod 8C



കഥ



# സമയമെന്ന സമ്പത്ത്

നിസാരമായി കരുതുന്നതും എന്നാൽ വളരെ പ്രധാനപ്പെട്ടതുമായ ഒന്നാണ് സമയം ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ഒരിക്കൽ ചോദിച്ചു, ലോകത്തിൽ ഏറ്റവും വിലപിടിപ്പുള്ളത് എന്താണ്? ഒന്നാമന്റെ ഉത്തരം സ്വർണം എന്നായിരുന്നു. രണ്ടാമൻ പറഞ്ഞത് രത്നങ്ങൾ എന്നാണ്. ഇതൊന്നും ശരിയല്ലെന്നായി ഗുരു.സമയമാണ് ഏറ്റവും വിലപിടിപ്പുള്ളത് .സമയം വേണ്ടവിധത്തിൽ ഉപയോഗിക്കുന്നവനാണ് ഏറ്റവും വലിയ സമ്പന്നൻ

ഗുരുവിന്റെ വാക്കുകൾ ഏറെ അർത്ഥവത്താണ്. പണ്ഡിതനും പാമരനും ധനികനും ദാരിദ്രനും വെളുത്തവനും കറുത്തവനൊന്നും സമയത്തിന് വേർതിരിവില്ല .സമയം അത് വില കൊടുത്താൽ കിട്ടുന്നതല്ല. നമുക്ക് ലഭിച്ചിരിക്കുന്ന സമയത്തെ വിലപ്പെട്ടതായി കണക്കാക്കി അവയിൽനിന്ന് കഴിയുന്നിടത്തോളം ഫലമെടുക്കുകയാണ് വേണ്ടത്

ഓരോ നിമിഷവും വിലപിടിപ്പുള്ളതായി കരുതുമ്പോൾ ഒരു മണിക്കൂർ നന്നായി ചെയ്യാൻ നമുക്ക് കഴിയും ഇരുപത്തിനാലു മണിക്കൂർ വേണ്ടവിധം ഉപയോഗിച്ചാൽ ഒരു ദിവസം വിജകരമായി പൂർത്തിയാകും. പിന്നീടത് ആഴ്ചകളാകും മാസങ്ങളാകും വർഷങ്ങളാകും ,അങ്ങനെ ജീവിതമപ്പാടെ നോക്കുമ്പോൾ അത് വിജയപ്രദമായിരിക്കും.

മഹാന്മാരിൽ പലരും ഇത്തരത്തിൽ സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിച്ചവരാണ്. സമയം തെറ്റിക്കുന്നവൻ മറ്റുള്ളവരുടെ സമയം കൂടി നഷ്ടപ്പെടുത്തുന്നവനാണെന്ന് അവരിൽ പലരും വിശ്വസിച്ചിരുന്നു. ഗാന്ധിജിക്ക് ഒട്ടേറെ ചെറുതും വലുതുമായ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത് സമയത്തെ ആദരിച്ചിരുന്നത് കൊണ്ടാണ്

സമയവും തിരകളും ആർക്കും വേണ്ടിയും കാത്തു നിൽക്കാറില്ല. എന്നൊരു പ്രശസ്തമായ പഴഞ്ചൊല്ലുണ്ട് .സമയത്തെ നിയന്ത്രിക്കാൻ നമുക്കാവില്ല .അതിനാൽ സമയത്തിനനുസൃതമായി നമ്മളെ നിയന്ത്രിക്കാൻ കഴിയണം. ഓരോ നിമിഷവും ശ്രദ്ധയോടെ ഉപയോഗിച്ചാൽ അത് പ്രയോജനപ്രദമാകും. സമയത്തിന്റെ അമൂല്യത മനസ്സിലാക്കി പ്രവർത്തിക്കുമ്പോൾ ജീവിതവിജയം നേടാനാവും

സമയത്തെക്കുറിച്ചുള്ള ഒരു ഫ്രഞ്ച് പഴമൊഴി ലോകത്തിലെ മുഴുവൻ സമ്പത്തുകൊണ്ട് ശ്രമിച്ചാലും നഷ്ടപ്പെട്ട ഒരു നിമിഷത്തെ വീണ്ടെടുക്കാൻ കഴിയില്ല



[illegible]

# GREENHOUSE EFFECT





## Greenhouse Effect Definition

***"Greenhouse effect is the process by which radiations from the sun are absorbed by the greenhouse gases and not reflected back into space. This insulates the surface of the earth and prevents it from freezing."***

## Greenhouse Gases

***"Greenhouse gases are the gases that absorb the infrared radiations and create a greenhouse effect. For eg., carbondioxide and chlorofluorocarbons."***





**Also Read:**

## Burning of Fossil Fuels

## Deforestation

## Farming

## Industrial Waste and Landfills



Poem



## നല്ല നേതാക്കളെ ആവശ്യമുണ്ട്

**മാറിയ ലോകത്തെപ്പറ്റി അറിവുള്ള പുതിയ ലോകത്തു നമ്മെ നയിക്കാൻ തക്ക ലോകവിവരമുള്ള നേതാക്കളെയാണ് ഇന്നു വേണ്ടത്. അവർക്ക് അത്യാവശ്യം വേണ്ട ചില ഗുണഗണങ്ങളിതാ**

### അറിവ്:



**ലോകം മാറിക്കഴിഞ്ഞു. ആ മാറ്റങ്ങളെക്കുറിച്ച് അറിവുള്ള പുതിയ ലോകത്തു നമ്മെ നയിക്കാൻ തക്ക ലോകവിവരമുള്ള നേതാക്കളെയാണ് ആവശ്യം. ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് മാറാനും സ്വയം നവീകരിക്കാനും അവർക്ക് കഴിയണം. നല്ല നേതാക്കൾ പരിശീലനപരിപാടികളിലും മാനേജ്മെന്റ് സ്കൂളുകളിലും പങ്കെടുത്ത് കൂടുതൽ അറിവ് നേടേണ്ടതുണ്ട്. എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള സാമാന്യജ്ഞാനം നേതാക്കൾക്ക് വേണം.**

### കഴിവ്:

**പരിപാടികൾ വിജയകരമായി നടപ്പാക്കാനും അതുവഴി ജനജീവിതത്തെ സ്വാധീനിക്കാനും കഴിവുള്ള നേതാക്കളെയാണ് നമുക്ക് വേണ്ടത്. ഒരു പദവി ഏറ്റെടുക്കുമ്പോൾ തങ്ങളുടെ ജോലി എന്താണെന്നോ എന്താണ് ചെയ്യേണ്ടതെന്നോ പോലും അറിയാത്തവരാണ് നമ്മുടെ നേതാക്കളിൽ പലരും. കാര്യങ്ങൾ മനസിലാക്കി ഉത്തമബോധ്യത്തോടെ തീരുമാനങ്ങളെടുക്കാനും മെച്ചപ്പെട്ട ഭാവിക്കു വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കാനും സാധിക്കണം.**

### വ്യക്തിത്വം:

**സത്യസന്ധതയും വിശ്വാസ്യതയുമാണ് നല്ല നേതാക്കളുടെ അടിസ്ഥാന ഗുണങ്ങൾ. നേതാക്കൾക്കു പദവികളിലും സ്ഥാനമാനങ്ങളിലും മോഹമുണ്ടാകുന്നത് മനസിലാക്കാം. പക്ഷെ, പൊതുജനതാൽപര്യത്തിലായിരിക്കണം പ്രാഥമിക ശ്രദ്ധ. വ്യക്തി താൽപര്യങ്ങളും പാർട്ടി താൽപര്യങ്ങളും രാജ്യതാൽപര്യത്തെ മറികടന്നാകരുത്.**

### പ്രതിബദ്ധത:

**നേതാവിന് ജനങ്ങളോടുള്ള പ്രതിബദ്ധതയും കാര്യങ്ങൾ നടത്താനുള്ള നിശ്ചയദാർഢ്യവുമാണ് സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കുക. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാനും സ്വയം നവീകരിച്ച് പ്രസക്തി നിലനിർത്താനും നേതാക്കൾ തയാറാവണം.**



**ഫായിസ് സിറാജ്**
IX C



# മഹത് വചനങ്ങൾ

• ഒരു പുഞ്ചിരിയോടെ നമുക്ക് പരസ്പരം നോക്കാം. സ്നേഹത്തിന്റെ തുടക്കം പുഞ്ചിരിയിൽ നിന്നാണല്ലോ.
– മദർ തെരേസ

• ശത്രുക്കളെ കീഴടക്കുന്നവനേക്കാൾ ധീരനായി ഞാൻ കാണുന്നത് സ്വന്തം ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടുന്നവനെയാണ്.
– അരിസ്റ്റോട്ടിൽ

• കുട്ടികളിലും മുതിർന്നവരിലും ഉള്ള ശാരീരികവും മാനസികവും ആത്മീയവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കരണമാണ് വിദ്യാഭ്യാസം.
– മഹാത്മാഗാന്ധി



• ഉണരുക,എഴുന്നേൽക്കുക, ലക്ഷ്യം നേടുന്നത് വരെ പ്രയത്നിക്കുക .
– സ്വാമി വിവേകാനാഥൻ

• സത്യത്തിന്റെ പ്രതിഫലം സമാധാനവും സന്തോഷവും ആണ്.
– രവീന്ദ്രനാഥ ടാഗോർ

• കൃത്യമായ നീതി നിഷ്ഠയെക്കാളും കാരുണ്യമായിരിക്കും കൂടുതൽ ഫലപ്രദം.
– എബ്രഹാം ലിങ്കൺ



• കോപത്തിന്റെ എതിർവശമാണ് സ്നേഹം.
– സ്വാമി വിവേകാനന്ദൻ

• വലിയ ദുഃഖത്തിൽ ധീരതയും ചെറിയ ദുഃഖത്തിൽ ക്ഷമയും പ്രകടിപ്പിക്കുക.
– വിക്ടർ ഹ്യൂഗോ

• വായിച്ച് വളരുക. ചിന്തിച്ചു വിവേകം നേടുക.
– പി.എൻ.പണിക്കർ

• ഒരു വ്യക്തിയിൽ കഴിയുന്നത്ര പൂർണ്ണത വരുത്തുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
– ഇമ്മാനുവൽ ക്യാന്റ്



Mereena Sojan

# കൂട്



നിർബാധം താഴേക്ക് പതിക്കുന്ന
ഓലകളുടേയും തേങ്ങകളുടേയും
കൂട്ടത്തിലേക്ക് കൂട്
എടുത്തെറിയപ്പെടുന്നത് കണ്ടപ്പോൾ
കണ്ണുകളിൽ ചൂട് കയറി,
വെള്ളം നിറഞ്ഞ് ഒഴുകി...

ഉയരത്തിലേക്ക് തല നീട്ടിയ,
കാറ്റിനേയും കൂട്ടിനേയും
താലോലിച്ച, തണലിന്റെ തൂണ്
വെറുമൊരു വരയായി
തിയെ നിലം പതിച്ചു...

കൂട് ഒരുക്കിയ കമ്പുകൾ നെരിഞ്ഞമർന്നു.
നിലവിളിക്കാൻ തൊണ്ട ഇടറി...
ചിറകുകൾക്ക് ഭാരമേറി...

നിറഞ്ഞ കണ്ണുകളിൽ
ഒറ്റവരക്ക് പകരം ഇലക്ട്രിക്
വരകൾ തെളിഞ്ഞു





[illegible] : [illegible] 9C

# ജിറാഫിന്റെ നൃത്തം

പണ്ട് പണ്ട് ഒരിടത്ത് ഒരു മനോഹരമായ കാട് ഉണ്ടായിരുന്നു.കാട്ടിൽ ആയിരുന്നു തന്റെ പ്രജകളായ മൃഗങ്ങളെ എല്ലാം വളരെയധികം സ്നേഹിച്ചിരുന്ന സിംഹ രാജാവ് പാർത്തിരുന്നത്.ഒരു ദിവസം രാജാവായ സിംഹം മറ്റു മൃഗങ്ങൾക്കായി കാട്ടിൽ ഒരു വിരുന്ന് ഒരുക്കി.കാട്ടിലെ എല്ലാ മൃഗങ്ങളും സന്തോഷത്തോടെ ഈ വിരുന്നിൽ പങ്കെടുത്തു.അവർക്ക് മതി വരുവോളം ഭക്ഷണവും നൽകി.മാത്രമല്ല വിനോദത്തിനായി വിരുന്നിനൊപ്പം കലാപരിപാടികളും നടത്തി.അതിനായി സിംഹാരാജാവ് ആദ്യം ക്ഷണിച്ചത് പാട്ടുകാരനായ കുയിലിനെ ആയിരുന്നു.കുയിൽ അതിമനോഹരമായി തന്നെ പാടി.കാട്ടിലെ മൃഗങ്ങളെല്ലാം തന്നെ കുയിലിന്റെ പാട്ട് വളരെയധികം ആസ്വദിച്ചു.കുയിൽ പാടി കഴിഞ്ഞതും മൃഗങ്ങൾക്ക് എല്ലാം ഒരു നൃത്തം വേണം എന്നായി.ഇത് കേട്ട സിംഹാരാജാവ് മറ്റു മൃഗങ്ങളോട് പറഞ്ഞു"നിങ്ങളിൽ നൃത്തം ചെയ്യാൻ അറിയാവുന്ന ഒരാൾ സ്വയം മുന്നോട്ടുവന്ന് നിർത്താൻ ചെയ്യുക.എല്ലാവരെ യും സന്തോഷിപ്പിക്കുക" സിംഹ രാജാവിത് പറഞ്ഞതും കുരങ്ങൻ സന്തോഷത്തോടെ നൃത്തം ചെയ്യുവാനായി മുന്നോട്ടുവന്നു.അ



വൻ വളരെ മനോഹരമായി നൃത്തം ചെയ്തു.എന്നാൽ കുരങ്ങന്റെ നൃത്തം എല്ലാവരും ആസ്വദിക്കുന്നത് കണ്ട ജിറാഫിന് ഇത് തീരെ രസിച്ചില്ല.അവൻ എല്ലാവരോടുമായി പറഞ്ഞു"എത്ര മോശമായിട്ടാണ് ഈ കുരങ്ങൻ നൃത്തം ചെയ്യുന്നത് നിങ്ങൾ എന്തിനാണ് ഇത് കണ്ട് ഇത്രയും ആവേശം കൊള്ളുന്നത്.?"ഇത് കേട്ട് കുറുക്കൻ ജിറാഫിനോട് ചോദിച്ചു"നിനക്ക് കുരങ്ങൻ നൃത്തം ചെയ്യുന്നത് ഇഷ്ടപ്പെടാത്തത് തീർച്ചയായും അതിലും നന്നായി നിനക്ക് നൃത്തം ചെയ്യാൻ കഴിയുന്നതു കൊണ്ടായിരിക്കും അല്ലേ?"ഇത് കേട്ട ജിറാഫ് ഉടൻ തന്നെ പറഞ്ഞു"തീർച്ചയായും ഈ കുരങ്ങനെക്കാളും മനോഹരമായ നൃത്തം ചെയ്യാൻ എനിക്ക് കഴിയും."ജിറാഫിന്റെ വാക്കുകൾ കേട്ട മാൻ കുരങ്ങന്റെ നൃത്തം കഴിഞ്ഞതും ഉടൻതന്നെ വിളിച്ചുപറഞ്ഞു"അടുത്തതായി നൃത്തം ചെയ്യാനായി വേദിയിലേക്ക് വരുന്നത് ഒരു ജിറാഫ് ആണ്."അത് കേട്ട് മറ്റു മൃഗങ്ങൾ സ്തബ്ധരായി.എന്നാൽ ഏവരെയും ഞെട്ടിച്ചുകൊണ്ട് ജിറാഫ് നൃത്തം ചെയ്യുവാനായി വേദിയിലേക്ക് വന്നു.അവൻ തന്റെ നീണ്ട കാലുകളും വലിയ വയറും ഉയരം കൂടിയ കഴുത്തും വെച്ച് നൃത്തം ചെയ്യാൻ തുടങ്ങി.എന്നാൽ ജിറാഫിന് അവന്റെ നീണ്ട കാലുകൾ കൊണ്ട് നൃത്തം ചെയ്യാൻ കഴിയുന്നുണ്ടായിരുന്നില്ല.ജിറാഫിന് കുരങ്ങൻ്റേതു പോലെ മെയ് വഴക്കം ഇല്ലായിരുന്നു. എന്നിട്ടും അവൻ പിന്മാറാൻ തയ്യാറായില്ല.ജിറാഫിന്റെ നൃത്തം കണ്ട കാണികൾക്ക് രോഷം അടക്കാൻ കഴിഞ്ഞില്ല.അവർ ജിറാഫിനോട് വേദിയിൽ നിന്നും ഇറങ്ങാൻ ആവശ്യപ്പെട്ടു.കുരങ്ങന്റെ നൃത്തം കണ്ടുകയ്യടിച്ച് കാണികൾ ജിറാഫിനെ കൂവാൻ തുടങ്ങി.അവസാനം നാണംകെട്ട് അവന് വേദിയിൽ നിന്നും തലകുനിച്ച് മടങ്ങേണ്ടതായും വന്നു.അപമാനിതനായ ജിറാഫ് ആ കാട്ടിൽ നിന്നും തന്നെ എന്നേക്കുമായി ഓടിപ്പോയി.പിന്നെ ആരും ജിറാഫിനെ ആ കാട്ടിൽ എങ്ങും കണ്ടതേയില്ല.






Josmiya P.V

# അമ്മ

ആദ്യക്ഷരം നാവിൽ ഉരുവിട്ട നാൾ തൊട്ട്
ആദ്യമായി ചൊന്ന നാമമമ്മ
അന്നുതൊട്ട് ഇന്നോളംകരുതലായ്,സ്നേഹമായ്
എൻ കൂടെ എന്നും നീ നിറഞ്ഞിരുന്നു.
ഏകനായ് തോന്നുന്ന നേരങ്ങളിൽ
എന്നും നീ എന്നെ നെഞ്ചോട് വാരിപുണർന്നിരുന്നു.
അമ്മതൻ അമ്മിഞ്ഞപാലിന്റെ മാധുര്യം
സ്നേഹമായ് ഉള്ളിൽ നിറഞ്ഞിടവേ.....
കൺചിമ്മും മാത്രയിൽ ഉള്ളിൽ പ്രകാശമായ്
എന്നും നീ എന്നിൽ തെളിഞ്ഞിടണം.
അമ്മേ.. നിൻ സ്നേഹത്താൽ
ഇനി എന്നും എൻ ജന്മം
ഒരു പുണ്യ സുകൃതമായ് തീർന്നിടട്ടേ.



Athul T Reji 9C


# മഹത് വചനങ്ങൾ



*സ്നേഹിക്കാൻ ത്യജിക്കുക തന്നെ വേണം ഇത് ലോകത്തിന്റെ മൗലിക സത്യമാണ്
-ടാഗോർ


*ആയുധമില്ലാത്ത ആത്മശക്തിയോട് നേരിടുമ്പോൾ ആയുധം ശക്തിഹീനമാണ്
-മഹാത്മാഗാന്ധി

*മനുഷ്യശരീരത്തിലെ ഏറ്റവും മനോഹരമായ ഭാഗം ഹൃദയമാണ്. അത് ശുദ്ധമല്ലെങ്കിൽ പിന്നെ തിളങ്ങുന്ന മുഖം കൊണ്ടു പ്രയോജനമില്ല
-എ. പി. ജെ അബ്ദുൽ കലാം



*ആദർശങ്ങളും ലക്ഷ്യങ്ങളും തത്വങ്ങളും നാം മറക്കുമ്പോൾ മാത്രമാണ് പരാജയം സംഭവിക്കുന്നത്
- ജവഹർലാൽ നെഹ്റു


*നിങ്ങളുടെ കണ്ണുകൾ പോസിറ്റീവ് ആണെങ്കിൽ നിങ്ങൾ ഈ ലോകത്തെ സ്നേഹിക്കും, എന്നാൽ നിങ്ങളുടെ നാക്ക് പോസിറ്റീവ് ആണെങ്കിൽ ലോകം നിങ്ങളെ സ്നേഹിക്കും
- മദർ തെരേസ



*ഈ ലോകത്ത് അനന്തമായുള്ളത് പ്രപഞ്ചവും പിന്നെ മനുഷ്യന്റെ വിഡ്ഢിത്തങ്ങളും ആണ് .എന്നാൽ ആദ്യം പറഞ്ഞ കാര്യത്തിൽ അത്ര വിശ്വാസം പോരാ
- ആൽബർട്ട് ഐൻസ്റ്റീൻ

*സിംഹം മനുഷ്യനോളം അക്രമിയല്ല. കാരണം അതിന് മതമോ, രാഷ്ട്രീയമോ, ജാതിയോ, ഗ്രൂപ്പോ ഇല്ലല്ലോ
- ജോർജ് ബർണാഡ് ഷാ

*വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ സ്വയം നന്നാവുക
-കുഞ്ഞുണ്ണിമാഷ്



*രണ്ടു വിഭാഗങ്ങളെ സ്വാഭിപ്രായങ്ങൾ മാറ്റാതിരിക്കുന്നുള്ളൂ വിഡ്ഢികളും മരിച്ചവരും
-ജെ. ആർ ലോവർ

*നിങ്ങൾക്ക് പറക്കാൻ കഴിയില്ലെങ്കിൽ ഓടുക,ഓടാൻ കഴിയില്ലെങ്കിൽ നടക്കുക,നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക,പക്ഷേ ചെയ്യുന്നതെന്ത് തന്നെയായാലും മുന്നോട്ടുതന്നെ നീങ്ങുക
- മാർട്ടിൻ ലൂഥർ കിംഗ്

Esabella James 9C

# കോവിഡ് 19

COVID - 19 എന്ന് പൊതുവെ അറിയപ്പെടുന്ന കൊറോണ വൈറസ് മനുഷ്യരിൽ ശ്വസനവ്യവസ്ഥയിൽ അസുഖം ഉണ്ടാക്കുന്ന ഒരു പകർച്ചവ്യാധിയാണ് . കോവിഡ് 19 എന്ന പദം " നോവൽ കൊറോണ വൈറസ് ഡിസീസ് 2019 " എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞ ഒരു ചുരുക്കപ്പേരാണ് . ഈ പാൻഡെമിക് ദശലക്ഷക്കണക്കിന് ആളുകളെ ബാധിച്ചു . അവർ ഒന്നുകിൽ രോഗികളോ അല്ലെങ്കിൽ ഈ രോഗത്തിന്റെ വ്യാപനം മൂലം കൊല്ലപ്പെടുകയോ ചെയ്യുന്നു .

കൊറോണ വൈറസിന്റെ ഉത്ഭവം.
കൊറോണ വൈറസ് ( അല്ലെങ്കിൽ COVID - 19 ) ആദ്യമായി തിരിച്ചറിഞ്ഞത് 2019 ഡിസംബറിൽ ചൈനയിലെ വുഹാൻ നഗരത്തിലാണ് . 2020 മാർച്ചിൽ , ലോകാരോഗ്യ സംഘടന ( WHO ) കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നത് ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചു . COVID - 19 ഒരു പുതിയ വൈറസാണ് , അത് ലോകത്തെ മുഴുവൻ മോശമായി ബാധിക്കുന്നു , കാരണം ഇത് പ്രാഥമികമായി വ്യക്തിയുമായുള്ള സമ്പർക്കത്തിലൂടെയാണ് പടരുന്നത് . ആറടി ചുറ്റളവിൽ സമ്പർക്കം പുലർത്തുന്നവരിൽ നിന്ന് മറ്റൊരാളിലേക്ക് ഇത് പകരുന്നു.

കൊറോണ വൈറസ് കാരണം , പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിലുള്ള ഇന്ത്യൻ സർക്കാർ 2020 മാർച്ച് 23 ന് 21 ദിവസത്തേക്ക് രാജ്യവ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചു . ഇന്ത്യയിലെ കൊറോണ വൈറസ് പാൻഡെമിക്കിനെതിരായ ഒരു പ്രതിരോധ നടപടിയായി ഇന്ത്യയിലെ 1.3 ബില്യൺ ജനസംഖ്യയുടെ മുഴുവൻ ചലനവും പരിമിതപ്പെടുത്തി . തൽഫലമായി , ഇന്ത്യയിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മിക്കവാറും എല്ലാ വാണിജ്യ സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ടി വന്നു . അന്താരാഷ്ട്ര , അന്തർസംസ്ഥാന യാത്രകൾ നിരോധിച്ചു . സ്ഥിരീകരിച്ച കേസുകളിൽ ഭൂരിഭാഗവും മറ്റ് രാജ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ എല്ലാ ടൂറിസ്റ്റ് വിസകളും ഇന്ത്യ താൽക്കാലികമായി നിർത്തിവച്ചു . മിക്ക രാജ്യങ്ങളും തങ്ങളുടെ ഉൽപ്പന്നങ്ങളുടെ നിർമ്മാണം മന്ദഗതിയിലാക്കി .ഫാർമസ്യൂട്ടിക്കൽ വ്യവസായം വൈദ്യുതി മേഖല , വിദ്യാഭ്യാസ സ്ഥാപനം , ടൂറിസം എന്നിവയുൾപ്പെടെ വിവിധ വ്യവസായങ്ങളെയും മേഖലകളെയും ഈ രോഗത്തിന്റെ കാരണം ബാധിക്കുന്നു . ഈ കൊറോണ വൈറസ് പൗരന്മാരുടെ ദൈനംദിന ജീവിതത്തിലും ആഗോള സമ്പദ് വ്യവസ്ഥയിലും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.

കോവിഡ്- 19 ന്റെ ലക്ഷണങ്ങൾ.
പനി , ജലദോഷം ചുമ , എല്ലുവേദന , ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് ഈ



വൈറസ് അണുബാധയുടെ ഏറ്റവും സാധാരണമായ ലക്ഷണങ്ങൾ . ക്ഷീണം , തൊണ്ടവേദന , പേശി വേദന, മണമോ രുചിയോ നഷ്ടപ്പെടൽ തുടങ്ങിയ ലക്ഷണങ്ങൾ കൊറോണ വൈറസ് രോഗികളിൽ കാണാവുന്നതാണ് .



കോവിഡ് -19 പ്രതിരോധം.
വിപുലമായ ശുചിത്വം , സാനിറ്റൈസറുകൾ അല്ലെങ്കിൽ സോപ്പ് ഉപയോഗിച്ച് പതിവായി കൈ കഴുകുക , മുഖാമുഖം ഇടപെടുന്നത് ഒഴിവാക്കുക , സാമൂഹിക അകലം പാലിക്കുക , മാസ്ക് ധരിക്കുക തുടങ്ങിയ വിപുലമായ മുൻകരുതലുകൾ എടുക്കുന്നതിനാണ് ഊന്നൽ നൽകുന്നത് .



Darsana Riju 9 B

# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ   പുലരിയെ
പുൽകുന്ന
പൂമഴ തേൻമഴ കുളിർ മഴയായ്.
കുനുകുനെയുതിരുന്ന തൂമഴ
തുള്ളികൾ.
തളിരിലും പൂവിലും മുത്തമിട്ടു.
പൊള്ളുന്ന രാവിന്റെ നെറുകയിൽ
ചിതറുന്ന
കുളിർമണി  മുത്തുകൾക്കെന്തു ഭംഗി.
തൈമണിക്കാറ്റിന്റെയൊപ്പമിപ്പൂക്കുന്ന
താഴ്‌വരത്തോപ്പിലും കുളിർ
ചൊരിഞ്ഞു.
പുഴതന്റെ മരവിച്ച കൈകളാൽ
പുളരവെ
പുളകമായ് മഴ വന്നു മനമറിഞ്ഞു.
മഴയെന്റെ താളമായ് ഹൃത്തിലും
മുഗ്ദ്ധമായി
പൊഴിയുന്ന കവിതയായി
പെയ്തിറങ്ങി






Ganga 9C





# A P J ABDUL KALAM




## അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു. 1931 ഒക്ടോബർ 15-ന് തമിഴ്നാട്ടിലെ രാമേശ്വരത്താണ് അബ്ദുൽ കലാം ജനിച്ചത്. അച്ഛൻ ജൈനുലാബ്ദീൻ അമ്മ ആഷിമ ജൈനുലബ്ദീൻ. അവുൽ പകീർ ജൈനുലബ്ദീന് അബ്ദുൽ കലാം എന്ന എ പി ജെ അബ്ദുൽ കലാം. പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യവിദഗ്ധനും,എൻജിനീയറും ആയിരുന്നു അദ്ദേഹം. ബാല്യകാലത്ത്പത്രവിതരണക്കാരനായി അദ്ദേഹം ജോലി ചെയ്തിരുന്നു. സ്കൂൾ, കോളേജ്, പഠനശേഷം ബഹിരാകാശ എൻജിനീയറിങ് ബിരുദം നേടിയ അദ്ദേഹം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം(DRDO), ബഹിരാകാശ ഗവേഷണ കേന്ദ്രം(ISRO) തുടങ്ങിയ സ്ഥാപനങ്ങളിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെയും, ബാലിസ്റ്റിക് മിസൈലിന്റെയും വികസനത്തിനും ഏകോപനത്തിനും കലാം വിലപ്പെട്ട സംഭാവനകളാണ് നൽകിയത്. മിസൈൽ സാങ്കേതിക വിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് " ഇന്ത്യയുടെ മിസൈൽ മനുഷ്യൻ" എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പിന്നീട് ഇന്ത്യയുടെ പൊക്രാൻ ആണവ പരീക്ഷണങ്ങൾക്കും കലാം നേതൃത്വം നൽകി.


**2002-2007 കാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രപതിയായിസേവനമനുഷ്ഠിച്ചു. രാഷ്ട്രപതി പദവിയിൽ എത്തിയ ലോകത്തെ ആദ്യത്തെ ശാസ്ത്രജ്ഞൻ കൂടിയാണ് അബ്ദുൽ കലാം. ജനകീയ പ്രസിഡൻറ് എന്നും അദ്ദേഹം അറിയപ്പെടുന്നു. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ എത്തി വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംസാരിക്കുക എന്നത് കലാം ഏറെ ഇഷ്ടപ്പെട്ടിരുന്നു. രാഷ്ട്രത്തിൻറെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. അദ്ദേഹം 2020- തോടെ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി**


**മാറ്റാനുള്ള മാർഗങ്ങളും ദർശനങ്ങളും തന്റെ പുസ്തകങ്ങളിലൂടെ അവതരിപ്പിച്ചു. ലോകമെമ്പാടുമുള്ള കോടിക്കണക്കിന് ജനങ്ങളെ പ്രചോദിപ്പിച്ച ഇന്ത്യയിലെ സ്വപ്നം കാണാൻ പഠിപ്പിച്ച സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഡോക്ടർ എ പി ജെ അബ്ദുൽ കലാം.**

**രാജ്യത്തിന് നൽകിയ സമഗ്ര സംഭാവന മാനിച്ച് അദ്ദേഹത്തിന് രാഷ്ട്രം പത്മഭൂഷൻ, പത്മവിഭൂഷൻ, ഭാരതരത്ന, ആര്യഭട്ട അവാർഡ് എന്നിവ നൽകി. 2015 ജൂലൈ 27ന് ഷില്ലോങ്ങിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് കലാം അന്തരിച്ചു. അഗ്നിച്ചിറകുകൾ അദ്ദേഹത്തിൻറെ ആത്മകഥയാണ്.**



NAKULAN. S
9D





Fizan 9 B



## എഡ്യൂസാറ്റ്

ഇത് വികസനത്തിന്റെ യുഗമാണ്. അത് കൊണ്ടു തന്നെ വികസനത്തിന്റേതായ മുദ്രകൾ എല്ലാ മേഖലകളിലും ദൃശ്യവുമാണ്. ഏതൊരു സാധാരണവ്യക്തിയുടേയും രൂപഭാവത്തിലും ജീവിത സൗകര്യങ്ങളിലും തെളിഞ്ഞു കാണുന്ന വ്യത്യസ്തത അനുദിനം ലോകം മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നുവെന്നതിന് ഉത്തമതെളിവാണ്.

ഒരു നാടിന്റെ പുരോഗതിയെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഘടകമെന്തെന്ന ചോദ്യത്തിന് മുൻപന്തിയിൽ നിൽക്കുന്ന ഉത്തരം തീർച്ചയായും ആ ദേശവാസികളുടെ സാംസ്കാരികവും സാമൂഹികവുമായ വളർച്ചയാണ് എന്നതിൽ സംശയമില്ല. സാമ്പത്തികമായി ഒരു ദേശം എത്രയേറെ പുരോഗമിച്ചാലും ഈ രണ്ട് ഘടകങ്ങളുടെ അഭാവം അതിന്റെ പ്രഭ കെടുത്തുമെന്നത് നിസ്സംശയമാണ്. സാംസ്കാരിക സാമൂഹികോന്നമനത്തിൽ വിദ്യാഭ്യാസത്തിന് വളരെയേറെ പങ്കുണ്ട്. ഇന്നത്തെ ബാലകരാണ് നാളത്തെ യുവജനങ്ങൾ എന്നതിനാൽ അവരുടെ സ്വഭാവരൂപീകരണത്തിലും ശരിയായ ദിശാബോധം നൽകുന്നതിലും വിദ്യാഭ്യാസമെന്നത് ഒഴിവാക്കാനാകാത്ത ഒരു ഘടകമാണ്.

ഭാരതം അന്നും ഇന്നും വിദ്യാഭ്യാസത്തിന് അത്യധികം പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്ന നാടാണ്. ലോകജനതയ്ക്ക് മുന്നിൽ ശിരസുയർത്തി നിൽക്കുവാൻ തക്കവണ്ണം സാംസ്കാരിക പുരോഗതി നാം കരഗതമാക്കിയതും വിദ്യാഭ്യാസത്തിൻ്റെ സ്വാധീനത്താൽ തന്നെ. ഭാരതം ലോകത്തിന് സമ്മാനിച്ച ചിന്തകന്മാരുടേയും ശാസ്ത്രകാരന്മാരുടേയും മറ്റ് പ്രതിഭകളുടേയും സംഖ്യ എത്രയോ അധികമാണ്. ഇന്നും പ്രഗത്ഭരായ എണ്ണമറ്റ വ്യക്തിത്വങ്ങൾ നമ്മുടെ രാജ്യത്തിന്റെ നാഴികക്കല്ലുകളായി മാറികൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ നൂതന സാങ്കേതിക വിദ്യകൾ തീർത്തും പ്രശംസാവഹനീയമാണ്. ക്ലാസ്സുറിയുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല ഇന്നത്തെ വിദ്യാഭ്യാസം. അറിവ് നുകരുന്ന കുരുന്നുകളെ പുസ്തകത്തിനുള്ളിൽ അച്ചടിച്ചിരിക്കുന്ന അക്ഷരങ്ങളിൽ കുരുക്കിയിടാതെ അനന്തമായ അറിവിന്റെ വിഹായസിലേക്ക് നയിക്കുവാൻ ഇന്നത്തെ വിദ്യാഭ്യാസരീതിയിലൂടെ സാധിക്കും. ഇതിനൊരു മുതൽക്കൂട്ടാണ് ഭാരതം വികസിപ്പിച്ചെടുത്ത 'എഡ്യൂസാറ്റ്' എന്ന സമ്പൂർണ്ണ വിദ്യാഭ്യാസ ഉപഗ്രഹം. കമ്പ്യൂട്ടർ വൽകൃതമായ പഠനപദ്ധതികൾ ഇന്ന് വളരെയേറെ മുന്നിൽ നിൽക്കുന്ന ഈ സമൂഹത്തിൽ എഡ്യൂസാറ്റിൻ്റെ പ്രാധാന്യം എടുത്തുപറയേണ്ടതാണ്.

എന്താണ് എഡ്യൂസാറ്റ്? മുൻപറഞ്ഞതുപോലെ 'ഏവർക്കും വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിലേയ്ക്കടുക്കുവാൻ യത്നിക്കുന്ന രാജ്യമാണ് നമ്മുടേത്. ആ സ്വപ്നസാക്ഷാത്കാരത്തിന് ഊർജം നൽകുന്ന ഒരു നൂതനമാർഗമാണ് എഡ്യൂസാറ്റ്. എഡ്യൂക്കേഷണൽ സാറ്റലൈറ്റ് (Educational Satellite) എന്നതാണ് ഇതിന്റെ പൂർണ്ണരൂപം. പൂർണ്ണമായും വിദ്യാഭ്യാസകാര്യത്തിനാണ് ഈ ഉപഗ്രഹം ഉപയോഗിക്കുന്നത്.ഇന്ത്യൻ ഭരണഘടനയിൽ കുട്ടികളുടെ അവകാശങ്ങളിൽ മുന്നിൽ നിൽക്കുന്ന ഒന്നാണ് വിദ്യാഭ്യാസമെന്നത്. അതുകൊണ്ട് തന്നെ 6 മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നിർബന്ധമായും നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സർവ്വ ശിക്ഷ അഭിയാൻ (SSA). ഇതിൻ്റെ കീഴിൽ രൂപം കൊണ്ടയൊന്നാണ് എഡ്യൂസാറ്റ്. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ വിദ്യാഭ്യാസ ഉപഗ്രഹമാണ് എഡ്യൂസാറ്റ്.

യുവതലമുറയെ ഏറ്റവുമധികം സ്വാധീനിച്ച നമ്മുടെ രാഷ്ട്രപതിയായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾകലാം 2005 ജൂലൈ 28ന് എഡ്യൂസാറ്റിൻ്റെ ഔദ്യോഗിക ഉത്ഘാടനകർമ്മം നിർവഹിച്ചു. ഈ ഉപഗ്രഹം വഴിയുള്ള വിദ്യാഭ്യാസ പദ്ധതിക്ക് VICTER program (Virtural classroom Technology on Edusat for Rural School) എന്നാണ് പേര്.


ശാസ്ത്രപുരോഗതിയിൽ ഇന്ത്യ ഇന്ന് വളരെയേറെ മുന്നിലാണ്. ഇന്ത്യയിൽ നിന്നും ഇത് വരെ

വിക്ഷേപിച്ചതിൽ ഏറ്റവും ഭാരം കൂടിയ ഉപഗ്രഹമാണിത്. 13 മണിക്കൂർ 25മിനിറ്റ് കൊണ്ട് ഭൂമിയെ വലംവെച്ച് വരുന്ന ഈ വിരുതൻ്റെ ഭാരം 1950 കിലോഗ്രാമാണ്. 2004 സെപ്തംബർ മാസമാണ് എഡ്യൂസാറ്റ് വിക്ഷേപിച്ചത്. ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ടയിൽ നിന്നായിരുന്നു ഇതിൻ്റെ വിക്ഷേപണം.

ഏകദേശം 90 കോടി രൂപ ചെലവഴിച്ചാണ് എഡ്യൂസാറ്റ് നിർമ്മിച്ചിട്ടുള്ളത്.

കംപ്യൂട്ടർവത്കൃതവിദ്യാഭ്യാസത്തിന്റെ ഈ കാലഘട്ടത്തിൽ കുറഞ്ഞ ചെലവിൽ ഭാരതത്തിലെ എല്ലായിടങ്ങളിലെ കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയെന്നതാണ് എഡ്യൂസാറ്റിന്റെ ലക്ഷ്യം. പ്രധാനമായും മൂന്ന് തരത്തിലുള്ള വിദ്യാഭ്യാസരീതിയ്ക്കാണ് ഇത് മുൻഗണന നൽകുന്നത്. പരിസ്ഥിതിപഠനം, വ്യക്തിത്വവികാസം, വിദേശഭാഷാപഠനം എന്നിവയാണവ.

രാജ്യത്തെ എല്ലാ ഗ്രാമീണ നഗര മേഖലകളിലെയും വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒരു ശൃംഖലയാക്കി മാറ്റുന്ന ഈ ഉപഗ്രഹസഹായത്താൽ അറിവിൻ്റെ പുത്തൻ ആകാശത്തേയ്ക്കുയർന്നു പറക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടേ..



Alphonsa Kurian



വര ;സ്നേഹ 9 C



വര : ആദിത്യ 9 B

# മഴ



മാനം കറുത്തു കരിമേഘക്കെട്ടഴിഞ്ഞു
പെയാത മഴയെ
മണ്ണിന്റെ കാമുകിയെ
പ്രണായിപ്പതുണ്ടിപ്പൊഴും പുലും പുൽക്കൊടിയും
കാട്ടും കാവും ഞങ്ങളും

ഈശ്വരന്റെ സ്നേഹമായ് പൊഴിഞ്ഞ മഴയെ
സർവത്രം നിന്നിലലിയിക്കും മഴയെ ചൂടിനാൻ
പൊള്ളുമി ഭൂമിയോട് സാരമില്ലെന്നോ തുന്ന
മേഘമേ...

സുവാർത്ത ഭൂതികളായ  മുകിലേ,
നിയലിഞ്ഞുചേരു ഞങ്ങളിലേ കയ്ക്കാത
മഴത്തുള്ളിയായ് മനസിനു കുളിരായ് വരു... നി
വരു



Akhila Biju



# ഇന്റർനെറ്റ് ഗുണവും ദോഷവും

'ലോകം മുഴുവൻ ഒരു മൗസ് ബട്ടണിൽ' ഇന്റർനെറ്റിൻറെ വരവോട് കൂടി ആ സ്വപ്നം യാഥാർത്ഥ്യമായിരിക്കുന്നു. വിവരസാങ്കേതികവിദ്യയുടെ ഉന്നതമായ സംഭാവനകളിലൊന്നാണ് ഇന്റർനെറ്റ്. ആശയവിനിമയത്തിന്റേയും അറിവിൻറേയും അപാരമായ സാദ്ധ്യതകൾ ജനസമക്ഷമെത്തിച്ച വിസ്മയകരമായ വലക്കണ്ണി. ആധുനികലോകത്തിൽ ഇതിൻറെ സ്വാധീനം എല്ലാമേഖലകളിhലും പ്രത്യക്ഷമായോ പരോക്ഷമായോ നിറഞ്ഞിരിക്കുന്നു.

ലോകമാകമാനമുള്ള കോടിക്കണക്കിനു കംപ്യൂട്ടറുകൾ ഇന്റർനെറ്റ് വഴി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആശയവിനിമയത്തിന് ദൂരവും സമയവും പ്രശ്നമായിരുന്ന കാലഘട്ടത്തിൽ നിന്നും മനുഷ്യൻ ഈ കണ്ടുപിടിത്തത്തോട് കൂടി വളരെയധികം മുന്നോട്ട് പോയിരിക്കുന്നു. ഇന്ന് ഇന്റർനെറ്റിലൂടെ ലോകത്തിന്റെ ഏതുകോണിലുള്ള വ്യക്തിയുമായും ആശയവിനിമയം സാദ്ധ്യമാണ്. നിമിഷങ്ങൾക്കകം ദൂരത്തെ കവച്ച് വച്ച് സന്ദേശങ്ങൾ കൈമാറാനും പരസ്പരം കാണുവാനും ഇന്റർനെറ്റ് സാങ്കേതികവിദ്യ സഹായിക്കുന്നു.

അനേകം ഉപകരണങ്ങൾ നൽകിയിരുന്ന സേവനങ്ങൾ ഈ ഒരു സാങ്കേതികവിദ്യയുടെ സഹായത്താൽ ഇന്ന് ഒരുമിച്ച് സാദ്ധ്യമാണ്. അമൂല്യമായ വിജ്ഞാനസമ്പത്തിൻറെ അവിശ്വസനീയശേഖരം ഇന്റർനെറ്റിലൂടെ ഇന്ന് ലഭ്യമാണ്. ലോകത്തെവിടെയുമുള്ള എന്തിനേയും കുറിച്ചുള്ള വിവരങ്ങൾ മനസിലാക്കുവാൻ നമ്മെ സഹായിക്കുന്ന തിരച്ചിൽ യന്ത്രങ്ങളുടെ (സർച്ച് എഞ്ചിനുകളുടെ) ഒരു നീണ്ടനിര തന്നെ ഈ അത്ഭുതലോകത്തിലുണ്ട്. ഒന്നിനും സമയമില്ലെയെന്ന മനുഷ്യൻറെ പരാതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ നിമിഷങ്ങൾക്കകം തന്നെ

അവന് അറിയേണ്ട വിവരങ്ങളുടെ ഫയലുകൾ മുന്നിൽ തെളിയുന്നത് അത്ഭുതം തന്നെയല്ലേ!

അനന്തമായ തൊഴിലവസരങ്ങൾ ഈ രംഗത്ത് തെളിഞ്ഞു കിടപ്പുണ്ടെന്ന കാര്യം പറയേണ്ടതില്ലല്ലോ. ഇന്റർനെറ്റിൻ്റെ അപൂർവ്വ സാദ്ധ്യതകൾ ഇന്ന് എല്ലാമേഖലയിലും ഉപയോഗിച്ച് വരുന്നു. സ്കൂൾ വിദ്യാഭ്യാസകാലത്ത് തന്നെ ഈ വിവരസാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കുട്ടിക ളിലേയ്ക്കെത്തിക്കുന്നത് ഇന്നത്തെ കാലഘട്ടത്തിൽ ഇത് എത്രത്തോളം പ്രാധാന്യമേറിയതായി മാറിക്കഴിഞ്ഞുവെന്നതിന്റെ തെളിവാണ്.

'ലോകം ഏകകുടുംബം' എന്ന സങ്കൽപ്പ സാക്ഷാത്കാരപടവുകളുടെ കയറ്റനതിന്റെ ഭാഗമെന്ന വിധം ലോകത്തിൻ്റെ വിവിധ കോണുകളിൽ പുതിയ സുഹൃദ്ബന്ധങ്ങൾ സൃഷ്ടിക്കാനും തങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരെ അറിയിക്കുവാനും ഇന്റർനെറ്റിലൂടെ സാധിക്കുന്നു.

എന്നാൽ ഏതൊന്നിനേയും പോലെ ദോഷകരമായ ഒരു ഭാഗവും ഇന്റർനെറ്റിനുണ്ടെന്നത് അവഗണിക്കാനാകില്ല. സൈബർ കുറ്റകൃത്യങ്ങളുടെ അമിതമായ വർദ്ധനവ് ഇതിലൊന്നാണ്. അപകടകരമായ ആശയവിനിമയം, ആസൂത്രണം എന്നിവ ഇൻ്ററർനെറ്റിൻ്റെ സാങ്കേതികവിദ്യകൾ വഴി ഇന്ന് സാദ്ധ്യമാണ്.

സഭ്യമെന്നോ അസഭ്യമെന്നോ ഭേദമില്ലാതെ ഏതുവിവരങ്ങളും ഇന്റർനെറ്റ് വഴി ലഭ്യമാണ്. അതുകൊണ്ട് തന്നെ ശരിയായ നിർദ്ദേശങ്ങളും മുൻകരുതലുകളുമില്ലെങ്കിൽ വിദ്യാർത്ഥികളുൾപ്പെടുന്ന കൗമാരപ്രായക്കാർ തെറ്റായ രീതിയിൽ ഇന്റർനെറ്റ് ഉപയോഗപ്പെടുത്താൻ സാദ്ധ്യതയേറെയാണ്. അതുകൊണ്ട് തന്നെ വിദ്യാർത്ഥികൾക്ക് ഇൻ്ററർനെറ്റ് സൗകര്യം ഏർപ്പെടുത്തുമ്പോൾ ചില സൈറ്റുകൾ നിരോധിക്കേണ്ടതും, ഒറ്റയ്ക്കുള്ള അവരുടെ ഉപയോഗം ശ്രദ്ധിക്കേണ്ടതുമാകുന്നു. ഇത് രക്ഷിതാക്കളുടെ ചുമതലയാണ്.

ഗുണദോഷങ്ങൾ തുലനം ചെയ്യുമ്പോൾ തീർച്ചയായും ഗുണവശങ്ങളാണ് ഇന്റർനെറ്റിൽ ഏറെ കാണാനാകുന്നത്. വിജ്ഞാനത്തിൻ്റെയും വിനോദത്തിൻ്റെയും സമസ്തമേഖലകളെയും കൂടുതൽ സമ്പന്നമാക്കുവാൻ ഈ സാങ്കേതികവിദ്യ ഉപയോഗിക്കുക. ശാസ്ത്രവളർച്ചയുടെ മധുരോപഹാരമായ ഈ വലചങ്ങാതിയെ യഥാവിധി പ്രയോജനപ്പെടുത്തുക...



Safna sakeer

# ഇന്നലെകൾ



ഇന്നലെകണ്ടതെല്ലാം എങ്ങോ
മാഞ്ഞുപോയ് ഇന്നെനിക്ക്
വെറും ഓർമകൾ മാത്രം
കണ്ണൊന്നു തുറക്കും,
മുമ്പെയാല്ലാം ഒളിച്ചിരിപ്പൂ

പിന്നിട്ട വഴികളെന്നുകൂടെ
പേകണം വല്ലതും
വീണുകിടപ്പുണ്ടാകുമെങ്കിൽ
ഈക്കയ്യിൽ
ഭദ്രമായടച്ചുവെക്കേണം....

ഇന്നലെകൾ ഇന്നെനിക്കേറെ
മധുരമായിത്തീർന്നു...
ആദ്യമായുയിക്കും പിന്നെ
മധുരിക്കുമെന്നാചെല്ല
ഞാൻ ഓർക്കുന്നു ഇന്നേരം

ഇന്നലെകൾക്കേറെ
മധുരമുണ്ടന്നു അറിയുന്ന
ഞാൻ,അതെ....
തിരിച്ചുകിട്ടാത്തതയിന്നലകൾ
തന്നെയാണെന്നാസത്യം....





സെബിൻ മാത്യു 9 B

# ലേഖനം: നിർമിത ബുദ്ധി


മനുഷ്യനെപ്പോലെ ബുദ്ധിയുള്ള യന്ത്രങ്ങൾ നിർമിക്കുന്ന ,കമ്പ്യൂട്ടർ സയൻസിന്റെ പഠനശാഖയാണ് നിർമിത ബുദ്ധി (Artificial Intelligence – AI).മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യബുദ്ധി അനുകരിക്കുവാൻ കമ്പ്യൂട്ടറുകൾക്ക് ശേഷി നൽകുന്ന കമ്പ്യൂട്ടർ പ്രോഗ്രാം. ഒരു യന്ത്രത്തിന് മനുഷ്യരെപ്പോലെ പെരുമാറാനും ചിന്തിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും അത് കഴിവ് നൽകുന്നു.

നിർമ്മിത ബുദ്ധി പ്രവർത്തിക്കുന്നതിന് പ്രത്യേക ഹാർഡ്‌വെയറുകളും സോഫ്റ്റ്‌വെയറുകളും ആവശ്യമാണ്. മെഷീൻ ലേണിങ് ആൽഗരിതങ്ങൾAlgorithm) തയ്യാറാക്കുവാനും പരിശീലിപ്പിക്കുവാനുമാണ് സോഫ്റ്റ്‌വെയറുകൾ. നിർമിതബുദ്ധിക്ക് മാത്രമായി പ്രോഗ്രാമിംഗ് ഭാഷയില്ല. ആർ, പൈത്തൺ, ജാവ, സി ++ തുടങ്ങിയ ഭാഷകൾ സോഫ്റ്റ്‌വെയറുകളും ആൽഗരിതവും നിർമ്മിക്കുവാൻ ഉപയോഗിക്കാറുണ്ട്.

എങ്ങനെയാണ് നിർമിത ബുദ്ധി പ്രവർത്തിക്കുന്നതെന്നു നോക്കാം. വളരെ കൂടിയ അളവിലുള്ള ഡാറ്റാ കമ്പ്യൂട്ടറുകൾക്ക് നൽകുന്നു. കമ്പ്യൂട്ടർ ഇത് വിശകലനം ചെയ്തു അവയിലെ പരസ്പരം ബന്ധങ്ങളും ക്രമങ്ങളും (Patterns) മനസ്സിലാക്കുന്നു. ഇത് ഉപയോഗപ്പെടുത്തിയാണ് ഇവ കാര്യങ്ങൾ പഠിക്കുകയും ചിന്തിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക.

നിർമിതബുദ്ധി ഇന്ന് വിവിധ മേഖലകളിൽ ഉപയോഗിക്കുന്നു. ഗൂഗിൾ സെർച്ച് പോലുള്ള സേർച്ച് എഞ്ചിനുകൾ ഇന്ന് എ ഐ ഉപയോഗപ്പെടുത്തുന്നു. യൂട്യൂബ്, ആമസോൺ, നെറ്റ്ഫ്ലിക്സ് എന്നിവയിൽ കസ്റ്റമേഴ്സിൻറെ താൽപര്യങ്ങൾ തിരിച്ചറിഞ്ഞ് നിർദ്ദേശങ്ങൾ തരുന്നത് നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയാണ്. മനുഷ്യ ശബ്ദ തിരിച്ചറിയാൻ കഴിയുന്ന ഡിജിറ്റൽ സഹായികളായ ഗൂഗിൾ അസിസ്റ്റൻറ്, സിരി, അലക്സ എന്നിവയും ഇത് ഉപയോഗപ്പെടുത്തുന്നുണ്ട്.

1980 ലാണ് നിർമിത ബുദ്ധി എന്ന പദം രൂപപ്പെടുന്നത്. എന്നാൽ അതിനു മുമ്പ് തന്നെ ഈ ആശയം നിലവിലുണ്ട്. 1950 ൽ ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞൻ അലൻ ടൂറിങ് ആണ് മനുഷ്യരെപ്പോലെ ചിന്തിക്കാൻ കഴിയുന്ന യന്ത്രങ്ങൾ എന്ന ആശയം അവതരിപ്പിച്ചത്. തുടർന്ന് ഇതൊരു പഠന വിഷയമായി വളർന്നു. 2012 –ൽ ഡീപ് ലേണിങ് കണ്ടെത്തിയതോടെ നിർമിത ബുദ്ധി വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി.



Neibal John
9C




# വിദ്യാഭ്യാസത്തിന്റെ മഹത്വം

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഏറ്റവും മഹത്വപൂർണ്ണ അംശമാണ്. അത് വിദ്യാർത്ഥിയുടെ അറിവും കഴിവുകളും വികസിപ്പിക്കുന്നു, ആകാശത്തിലേക്ക് നടക്കുന്ന അഭിമുഖങ്ങളും തീരുമാനങ്ങളും അവർക്ക് നൽകുന്നു. ഒരു സമൂഹത്തിന്റെ ഉന്നതിയും പുനരാരംഭവും വിദ്യാഭ്യാസം ഉണ്ടാക്കുന്നു.

വിദ്യാഭ്യാസത്തിന്റെ മഹത്വം എന്താണെന്നറിയുന്നത് വിദ്യാർത്ഥിയുടെ മാനസികവും ശാരീരികവും വികസിച്ചുകൊണ്ട് മാത്രം സാധ്യമാണ്. അത് ഒരു വ്യക്തിയുടെ ചിന്താശക്തിയും സാമൂഹ്യസാമ്രാജ്യത്തിന്റെ വികാസത്തിനും നിബന്ധനകളും അവർക്ക് നൽകുന്നു. ആധുനികസമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ അവസാന ഉദ്ദേശം ഒരു സമൃദ്ധമായ മാനവീയ ജീവിതം നൽകുന്നതാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നു. അത് ഒരു വ്യക്തിയുടെ ചിന്താശക്തിയും സാമൂഹ്യസാമ്രാജ്യത്തിന്റെ വികാസത്തിനും നിബന്ധനകളും അവർക്ക് നൽകുന്നു. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ നിലവിലും സാമൂഹികവും സാംസ്കാരികവുമായ പ്രതിഭാശീലതകൾ വികസിപ്പിക്കുന്നു.

ഒരു സമൃദ്ധമായ ജീവിതത്തിന്റെ തുടക്കം വിദ്യാഭ്യാസം ആണ്.

Evan Sebastian 9B



# ഏപ്രിൽ മഴ



മേഘമേലാപ്പിനിടയിൽ നോക്കൂ കാണാമവളെ,
കാർനിഴൽ പോലൊരുവൾ, കരിമുകിൽ.
അവളുടെ വെള്ളിക്കൊലുസ്സിൽ നിന്നായിരം,
പളുങ്കുമുത്തുകൾ ഏപ്രിൽ മഴയായ് പൊഴിയും.

മഴയുടെ ചാഞ്ഞകരങ്ങൾ ഇലത്താളിൽ,
പിന്നെയും പിന്നെയും കവിതകളെഴുതും.
പുതുപുത്തൻ പുതുമണ്ണിൻ മണമുയരും,
ഇളം പച്ചപ്പൊതിയുമീ മണ്ണും മനസ്സുകളും.

കുഞ്ഞിളങ്കാറ്റ് വീശുമ്പോളെൻ നന്മമരത്തിന്റെ-
കൊമ്പിലിരുന്നൊരു വിഷുപ്പക്ഷി പാട്ടുമൂളും.
ഈ മഴക്കൈവഴിയിലൂടെ ഇലത്തോണിയിൽ,
കുഞ്ഞെറുമ്പിൻ കൂട്ടം തുഴഞ്ഞു നീങ്ങും.

അമ്മയുടെ കൈവിരൽ വിട്ടകലാൻ മടിക്കുന്ന-
കുസൃതി കുരുന്നിനെ പോലൊരു മഴത്തുള്ളി,

പുൽനാമ്പിൻ കരങ്ങളിൽ തൂങ്ങി നിൽക്കും,
പിന്നെ വിലപിച്ചു മണ്ണിലേയ്ക്കിടറി വീഴും.

ജാലകപ്പടിയിൽ മഴക്കൈകൾ വരയ്ക്കുന്ന,
ഈറൻ ചിത്രങ്ങൾ നോക്കി ഞാൻ നിൽക്കെ-
വേനലിൻ വിരഹച്ചൂടിന് ശേഷമീമഴയ്ക്കാകെ-
പ്രണയസുഗന്ധം ആണെന്ന് ഞാനറിയും.

മഴയുടെ നേർത്ത തിരശീലക്കിടയിലൂടെ,
പഴയ വേദനകളെല്ലാം ഒഴുകി അകന്നിടും.
അപ്പോഴും വിഷുക്കാല തിരക്കിന്നിടയിൽ,
ഏപ്രിൽ മഴ ചന്നം പിന്നം തിമിർത്തു പെയ്യും.



**Aleena K Jomon**



# മഹത് വചനങ്ങൾ

. ആയിരം വിദ്യകൾ പഠിച്ച ഒരാളെ എനിക്ക് ഭയമില്ല
ഒരു വിദ്യ ആയിരം പ്രാവിശ്യം പഠിച്ചവനെ ഞാൻ
ഭയക്കുന്നു - ബ്രൂസ് ലി
. അന്യന്റെ ദോഷം എളുപ്പത്തിൽ കാണും അവൻ ന്റെ
ദോഷം കാണാൻ പ്രയാസമാണ് - ശ്രീ ബുദ്ധൻ
. അവിസത്തിൽ അധികം ആ ന്മാർത്ഥത
കാണിക്കരുത് വളവില്ലാത്ത മരം ആണ് ആദ്യം
മഴുവിനിര  യാകുന്നത് -ചാണക്യൻ
. എന്റെ ജീവിതത്തിൽ പല പ്രശ്നങ്ങളുണ്ട്  എന്ന
കാര്യം എന്റെ ചുണ്ടു കൾക്ക് അറിയില്ല അവ
എപ്പോഴും ചിരിച്ച് കൊണ്ടയിരിക്കും - ചാർളി
ചാപ്ളിൻ
. നിങ്ങൾക്ക് വേണ്ടാത്തത്  നിങ്ങൾ ആർക്കെകിലും
കൊടുക്കുകയാണെക്കിൽ അത് ദാനമല്ല - മദർ
തെരേസ
. എത്ര ദീപം കഴിച്ചാലും അകം ഇരുട്ടണക്കിൽ
ഏതാണ് നേട്ടം - ശ്രീ നാരായണ ഗുരു
. വിജയിക്കാൻ ഞാനെടുത്തിട്ടുള്ള തീരുമാനത്തിന്
കരുത്തുണ്ടകിൽ  പരാജയം ഒരിക്കലും എന്ന
ബാധികില്ല -എ പി ജെ അബ്ദുൾകലാം
. പ്രാസം ഗിക്കുന്ന രീതിയാണ് പറയുന്ന
കാര്യങ്ങൾളെക്കാൾ പ്രധാനം - ചെസ്റ്റർ ഫീൽഡ്
.ഫോർഡ് യുദ്ധം കാട്ടാളന്മാരുടെ പ്രവർത്തിയാണ് -
നെപ്പോളിയൻ





ADHITHYA VIMALAN 9 B

# ജീവിതവിജയം

ഇ-ദളം

ഭാരതീയ ഋഷിസങ്കൽപ്പമനുസരിച്ച് സമസ്തചരാചരങ്ങളുടേയും ഉള്ളിൽ വസിക്കുന്ന ശക്തി ഒന്നുതന്നെയാണ്. എങ്കിലും ചിലർ ജീവിതത്തിൽ വിജയം നേടുന്നു, ചിലർ പരാജയപ്പെടുന്നു.

എന്താണ് ജീവിതവിജയം? തനിക്കും കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദമായി ജീവി ക്കുവാൻ കഴിയുക, ജീവിതാന്ത്യത്തിൽ തിരിഞ്ഞുനോക്കുമ്പോൾ ലജ്ജയ്ക്കോ പശ്ചാത്താപത്തിനോ സ്ഥാനമില്ലാതിരിക്കുക, അടുത്തതലമുറയാൽ സ്നേഹത്തോടും ബഹുമാനത്തോടും മാത്രം സ്മരി ക്കപ്പെടുക എന്നീ കാര്യങ്ങൾ നേടാൻ കഴിഞ്ഞാൽ ഒരാളുടെ ജീവിതം സഫലമായി, വിജയമായി എന്നൊക്കെ പറയാം. ആത്മവിശ്വാസവും സ്വയംതിരിച്ചറിവും ജീവിതവിജയത്തിന്റെ ആണിക്കല്ലുക ളാണ്. സ്വന്തംകഴിവുകളേയും പരിമിതികളേയും തിരിച്ചറിയുന്ന വ്യക്തിയ്ക്ക് തനിക്കുചിതമായത് തെരഞ്ഞെടുക്കുവാനാകുന്നു. ഏറ്റെടുക്കുന്ന പ്രവൃത്തി വിജയകരമായി പൂർണ്ണമാക്കുവാനുള്ള ആത്മ വിശ്വാസവും അത്യാവശ്യമാണ്.

പ്രവർത്തനങ്ങളോട് ക്രിയാത്മകമായ സമീപനവും ശുഭാപ്തിവിശ്വാസത്തോടെ മുന്നോട്ട് പോകു വാനുള്ള മനസ്സും ഒരാൾക്കുണ്ടാകണം. പ്രവൃത്തിയുടെ ആരംഭത്തിനു മുൻപ് തന്നെ കാര്യങ്ങൾ അവലോകനം ചെയ്ത് ജയപരാജയസാധ്യതകൾ അളന്നെടുക്കുവാനുള്ള കഴിവ് അത്യന്താപേക്ഷിത മാണ്. എങ്കിലേ ലക്ഷ്യത്തിലെത്തേണ്ട വഴിതെളിയുകയുള്ളൂ. ലക്ഷ്യത്തെകുറിച്ചുള്ള വിശ്വാസവും ധാരണയുമാണ് ജീവിതയുദ്ധത്തിന് ഇറങ്ങി പുറപ്പെടുന്ന ഒരു വ്യക്തിയ്ക്ക് വേണ്ട അവശ്യഘടക ങ്ങൾ. ഭൂരിപക്ഷം പേരും ജീവിതത്തിൻ്റെ പലഘട്ടങ്ങളിൽ പലലക്ഷ്യങ്ങൾ ഉന്നം വയ്ക്കുന്നു. ഇല്ലെ ങ്കിൽ ആവർത്തനവിരസവും യാന്ത്രികവുമായ ഒരു ജീവിതശൈലിയിൽ തൻ്റെ സൃഷ്ടിപരമായ കഴി വുകൾ മറക്കുന്നു. അങ്ങനെ പല ലക്ഷ്യങ്ങളുടെ പുറകെ പാഞ്ഞ് ഒടുവിൽ കാര്യമായി ഒന്നും നേടാൻ കഴിയാത്തപ്പോൾ നിരാശയുടെ അഗാധകയങ്ങളിൽ സ്വയം പതിക്കുന്നു. അതിനാൽ പ്രാപ്യമെന്ന് പൂർണ്ണവിശ്വാസമുള്ള ഒരു ലക്ഷ്യം പ്രായോഗികബുദ്ധിയോടെ ഓരോ വ്യക്തിയും തെരഞ്ഞെടുക്കേ ണ്ടത് അനിവാര്യമാണ്.

ലക്ഷ്യമുറച്ചു കഴിഞ്ഞാൽ പിന്നെ പൂർണ്ണശ്രദ്ധ കൊടുക്കേണ്ടത് മാർഗ്ഗത്തിനാണ്. പലരും ലക്ഷ്യത്തെ മനസ്സിലാക്കി കഴിഞ്ഞാൽ ലക്ഷ്യപ്രാപ്തിക്ക് ശേഷമുണ്ടാകുന്ന ജീവിതത്തെ കുറിച്ച് അതിഭാവുകത്വം നിറഞ്ഞ സ്വപ്നങ്ങൾ കണ്ട് ജീവിക്കുകയാണ് പതിവ്. അവർ മാർഗ്ഗത്തെ വിസ്മരി ക്കുന്നു. വാസ്തവത്തിൽ ലക്ഷ്യം മനോഹരമായൊരു കല്യാണസൗഗന്ധികപുഷ്പവും മാർഗ്ഗം അവി ടേയ്ക്ക് എത്തുവാനുള്ള ദുർഗ്ഗമമായ ആരണ്യയാത്രയുമാണ്. സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവു മാണ് ആ യാത്രയിലെ പാഥേയവും

ദാഹജലവും.

ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ പരാജയം നേരിടുമ്പോൾ അതിന്റെ പിന്നിലുള്ള കാരണ ങ്ങളെക്കുറിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തേണ്ടതുണ്ട്. യുക്തിപരവും പ്രായോഗികവു മായിരിക്കണം ഇതിനോടുള്ള സമീപനം. മറിച്ച് വ്യക്തിപരമോ വൈകാരികമോ ആകരുത്.വിവേകബുദ്ധിയ്ക്ക് ജീവിതത്തിൽ കൂടുതൽ പ്രാധാന്യം നൽകുക. നന്മതിന്മകളേയും വേണ്ടതിനേയും വേണ്ടാത്തതിനേയും മുൻകൂട്ടി തന്നെ തിരിച്ചറിയാൻ കഴിഞ്ഞാൽ വിജയത്തിന്റെ പടി ഒന്നു കൂടി കയറാൻ കഴിഞ്ഞുവെന്ന് കരുതാം.



സത്ഗ്രന്ഥങ്ങളുമായുള്ള സൗഹൃദം ജീവിതവിജയത്തിന് അത്യാവശ്യമായ മറ്റൊരു ഘടകമാണ്. പ്രതിഭാധനനായ ഒരു എഴുത്തുകാരന്റെ ജീവിതകാലം മുഴുവനുമുള്ള ചിന്തകളുടേയും അനുഭവങ്ങ ളുടേയും സമാഹാരമായിരിക്കും അദ്ദേഹത്തിന്റെ കൃതികൾ. അത്തരം ഗ്രന്ഥങ്ങൾ സാധാരണക്കാർക്ക് ഉപയോഗപ്പെടുക തന്നെ ചെയ്യും. ശ്രേഷ്ഠഗ്രന്ഥങ്ങളുമായുള്ള നിതാന്തസമ്പർക്കവും ജീവിതവിജയ ത്തിന് സഹായകമാക്കും.

ചുരുക്കത്തിൽ ആത്മവിശ്വാസവും സ്വയംതിരിച്ചറിവും ക്രിയാത്മകസമീപനവും ലക്ഷ്യബോ ധവും മാർഗ്ഗത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവും ഗ്രന്ഥങ്ങളോടുള്ള സമ്പർക്കവും ഉണ്ടെങ്കിൽ ഏതൊരു വ്യക്തിയ്ക്കും ജീവിതവിജയം സാധ്യമാണ്.





## മനുഷ്യമസ്തിഷ്കം പോലൊരു ചിപ്പ്

മനുഷ്യ മസ്തിഷ്കം പോലെ ചടുലമായി പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ നിർമ്മിക്കാനുള്ള തയാറെടുപ്പിലാണ് ശാസ്ത്ര ലോകം. കമ്പ്യൂട്ടറിന് മനുഷ്യ മസ്തിഷ്കത്തിന്റെ വേഗത നൽകുന്ന മൈക്രോ ചിപ്പ് എത്താണ്ട് തയ്യാറായി കഴിഞ്ഞിട്ടുണ്ട്. ന്യൂറോഗ്രിഡ്എന്ന പേരുള്ള ചിപ്പിന് ഒരു ഐപാഡിന്റെ വലിപ്പമാണുള്ളത്. ലക്ഷക്കണക്കിന് ന്യൂറോണുകളെയും കോടിക്കണക്കിന് സിനാപ്സുകളെയും ഉത്തേജിപ്പിക്കാൻ പ്രാപ്തിയുള്ളതാണ് ഈ ചിപ്പ്. മനുഷ്യമസ്തിഷ്കത്തെ കുറിച്ച് കൂടുതൽ മനസിലാക്കാനും മസ്തിഷ്ക സർക്യൂട്ടുകളുടെ മാതൃകയിലുള്ള പുതിയ തരത്തിലുള്ള കമ്പ്യൂട്ടിങ്ങിനും ന്യൂറോഗ്രിഡുകൾ സഹായിക്കും. തളർച്ച ബാധിച്ചവരുടെ കൃത്രിമ കൈകൾ നിയന്ത്രിക്കാൻ ന്യൂറോഗ്രിഡ് പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ ശാസ്ത്രജ്ഞർ പരിശോധിച്ച് വരികയാണ്. മസ്തിഷ്കത്തിന് അമിത ജോലിഭാരം നൽകാതെ തന്നെ മസ്തിഷ്കത്തിൽ നിന്നുള്ള സിഗ്നലുകൾ കൈകളുടെ ചലനമായി രൂപാന്തരം ചെയ്യാൻ ചിപ്പിന് സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.



ABHINAV RAJESH 9C

Quotes

# □ □ □ □ □ □




"Adopt the pace of nature. Her secret is patience." –Ralph Waldo Emerson

“Nature is the source of all true knowledge.” –Leonardo da Vinci

“A walk in nature walks the soul back home.” –Mary Davis

“Choose only one master—nature.” –Rembrandt

“The goal of life is living in agreement with nature.” –Zeno

“One touch of nature makes the whole world kin.” –William Shakespeare

“Time spent amongst trees is never wasted time.” –Katrina Mayer

“The poetry of the earth is never dead.” –John Keats

"Nature is pleased with simplicity." –Sir Isaac Newton

"Always be on the lookout for the presence of wonder." –E.B.White

"In the spring, at the end of the day, you should smell like dirt." –Margaret Atwood

"It never hurts to keep looking for sunshine." –A. A. Milne

Alakananda Abhilash 9 D

# വിലയേറിയ വിശപ്പ്




വളരെ തളർന്നവശനായാണ് ട്രെയിനിൽ വന്നു ഇറങ്ങിയത്. കയ്യിൽ നാട്ടിൽ നിന്നും കൊണ്ടുപോയ ബാഗും പിന്നെ കുറച്ചു തുണിയും ഒരു ഷൂസ് മാത്രം. ട്രെയിനിൽ നല്ല തിരക്ക് ആയിരുന്നതിനാൽ ശരിക്കും ഒന്ന് ഉറങ്ങാൻ പോലും കഴിഞ്ഞില്ല. കോഴിക്കോട് മുതൽ ഇവിടം വരെ ഉള്ള കാഴ്ചകൾ കണ്ടു അങ്ങനെ പുറത്തേക്കു നോക്കിയിരുന്നു അറിയാതെ എപ്പഴോ കണ്ണൊന്നു അടഞ്ഞു ചെറിയൊരു മയക്കം വന്നെങ്കിൽ പോലും അതികം ഒന്നും ഉറങ്ങാൻ കഴിഞ്ഞില്ല. അപ്പോളും മനസ്സിൽ ഒരു ചിന്ത മാത്രംസ്റ്റേഷനിൽ ചെന്ന് ഇറങ്ങി ആദ്യം എന്തെങ്കിലും കഴിക്കണം വിശപ്പ് അടക്കണം. ആദ്യത്തെ വണ്ടിക്ക് കയറി വീട്ടിൽ ചെല്ലണം. ശരിക്ക് ഒന്ന് ഉറങ്ങണം. ചിന്തകൾ കൊണ്ട് കണ്ണ് അടഞ്ഞ നേരം. വേഗം ആണ് സ്റ്റേഷൻ എത്തിയത് ട്രെയിനിൽ നിന്നും ചാടി വെളിയിൽ ഇറങ്ങി. എന്തോ വീട് അടുക്കാൻ പോകുന്നതിന്റെ ഒരു സന്തോഷം മുഖത്തു തെളിഞ്ഞു.

തൊട്ടടുത്തുള്ള പൈപ്പ് ലക്ഷ്യമാക്കി നടന്നു. കയ്യും മുഖവും കഴുകിയ ശേഷം കയ്യിൽ ഉണ്ടായിരുന്ന തൂവാല കൊണ്ട് മുഖം തുടച്ചു ചുറ്റും നോക്കിയ ശേഷം മെല്ലെ മുമ്പോട്ട് നടന്നു അവരവരുടെ ആവശ്യത്തിന് അനുസരിച്ചു അനേകം ആളുകൾ അതിലെ നടക്കുന്നുണ്ട്.അതൊന്നും കാര്യം ആക്കാതെ അവിടെ നിന്നും നടന്നു.മാറിയത് ബസ് കാത്തിരുപ്പ്
കേന്ദ്രത്തിലേക്ക് ആയിരുന്നു ,ആദ്യം എന്തെങ്കിലും കഴിക്കണം സമയം ഉച്ച കഴിയുന്നു. ട്രെയിനിൽ നിന്നും കിട്ടിയ മിനറൽ വാട്ടർ കുടിച്ചാന്നു ഒരു രാത്രി തീർത്തത് നേരെ സ്റ്റാൻഡിൽ ചെന്നു കിട്ടിയ ഒരു സ്ഥലത്ത് ഹോട്ടൽ തപ്പി നിന്നപ്പോൾ ആണ് പോക്കറ്റിൽ കയ്യിട്ടു പൈസ എടുത്തത് മുപ്പതു രൂപ ഉണ്ട്. വീട്ടിൽ നിന്നും ചിലവിനു തന്നു വിട്ട പൈസയിൽ നിന്നും ബാക്കി മാറ്റി വെച്ചതായിരുന്നു.

എന്തെങ്കിലും കഴിക്കണം ആ ഒരു ചിന്തയും ആയി കടയിലെക്കു നടക്കാൻ നോക്കി അപ്പോളും വയറു നിറച്ചു കഴിക്കാൻ പറ്റത്തില്ല എന്ന് വിഷമം ഉണ്ടായിരുന്നു. സാരമില്ല ഉള്ളത് ആകട്ടെ . അപ്പോൾ ആണ് പുറകിൽ നിന്നും ഒരാൾ കയ്യിൽ കയറി പിടിച്ചത്. എന്തോ ആദ്യം ഒരുപേടി തോന്നി. വളരെ അവശനായ ആ മുഖം കണ്ടപ്പോൾ എന്തോ വിഷമം തോന്നി. എന്നാൽ അത് മുഖത്തു പ്രകടിപ്പിക്കാൻ നോക്കാതെ. ആരാ.? എന്താ.? എന്ന് ചോദിച്ചു. ഒരു കിറിയാ ബാഗ് കയ്യിൽ ഉണ്ട് ഇട്ടിരുന്ന ഡ്രസ്സ് ആണെങ്കിൽ തീരെ മോശം. കണ്ടാൽ എന്റെ അച്ഛന്റെ പ്രായം തോന്നിക്കും, കണ്ണൊക്കെ താണ് ആ മനുഷ്യൻ തീരെ അവശനായിരുന്നു. ഒന്നും കഴിച്ചിട്ടില്ല എന്ന് തോന്നി പോകും. പക്ഷെ എപ്പോളോ എന്റെ ആ തോന്നൽ ശരി ആയിരുന്നു. എന്താണ് എന്ന് ചോദിച്ചപ്പോൾ വളരെ താഴ്ന്ന സ്വരത്തിൽ കയ്യ് വയറിൽ വെച്ചിട്ട് പറഞ്ഞു. മോനെ മോൻ വന്നു ട്രെയിൻ ഇറങ്ങിയ അതെ ട്രെയിനിൽ ആണ് ഞാനും വന്നത്. കയ്യിൽ ആണെങ്കിൽ വണ്ടിആകെ അഞ്ചു രൂപ മാത്രേ ഉള്ളു.എനിക്ക് ആണെങ്കിൽ നല്ലപോലെ വിശക്കുന്നു ഇവിടെങ്ങും അറിയാവുന്നതായി ആരുമില്ല. എനിക്ക് പൈസ ഒന്നും വേണ്ട എന്തെങ്കിലും കഴിക്കാൻ മേടിച്ചു തന്നാൽ മതി അത്രയ്ക്കു വിശക്കുന്നുണ്ട്. എന്തോ ആ സ്വരം കേട്ടപ്പോൾ. ആ മനുഷ്യനെ നോക്കിയപ്പോൾ കയ്യ് വിട്ട് തിരിഞ്ഞു നടക്കാൻ തോന്നിയില്ല. നേരെ മുന്നിൽ ഉണ്ടായിരുന്ന കടയിലേക്ക് നടന്നു കടയിലെ കടക്കാരന്റെ കയ്യിൽ ഉണ്ടായിരുന്ന മുപ്പതു രൂപ എടുത്ത് കൊടുത്തിട്ട് പറഞ്ഞു. എന്റെ കയ്യിൽ ഇതേ ഉള്ളു. എന്തെങ്കിലുമി മനുഷ്യന് കഴിക്കാൻ കൊടുക്കണം. കേട്ടപാതി ആ മനുഷ്യൻ ഓടി ചെന്നു തനിക്ക് നീട്ടി വെച്ച ആ ആഹാരത്തിനു മുന്നിൽആർത്തിയോടെ കയ്യിട്ടു വാരി കഴിക്കുന്നേ കണ്ടപ്പോൾ എവിടോ എന്റെ വിശപ്പ് അറിയാതെ ഒന്ന് അണഞ്ഞ പോലെ തോന്നി. എങ്കിലും ഒന്നും അറിയാതെ ഒരു നന്ദി വാക്ക് പോലും കേക്കാൻ നിക്കാതെ തിരിഞ്ഞു നടന്നു. ഒന്ന് കൂടി പോക്കറ്റിൽ കയ്യിട്ടു നോക്കിയ ശേഷം വീണ്ടും മുൻപോട്ട് നടന്നു ഇനി എന്ത് ചെയ്യണം എന്ന് അറിയാതെ. അപ്പോഴും എന്റെ മനസ്സിൽ ആ ഒരു വിശപ്പിന്റെ അവശനായ മുഖം തെളിഞ്ഞു നില്ക്കുന്നുണ്ടായിരുന്നു.




നന്ദി...
കഥകളായും
കവിതകളായുംലേഖനങ്ങളായും
നിങ്ങളടെ മുൻപിൽ എത്തുന്ന
ഈ ഡീജിറ്റൽ പതിപ്പിനെ
ഏറെ മനോഹരമാക്കിയത്
ലിറ്റിൽകൈറ്റ്സ്
അംഗങ്ങളാണ്. അവരുടെ
ഉദ്യമത്തിന് ഏറെ
പ്രോത്സാഹനങ്ങൾ . ഒപ്പം
അണിയറയിൽ പ്രവർത്തിച്ച
എല്ലാവർക്കും
അഭിനന്ദനങ്ങൾ.
വര : ആദിത്യ വിമലൻ 7B